നം. ICDS/A6/8307/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 6..6..2018
Email : swdkerala@gmail.com
Phone: 0471-2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ സി.ഡി.പി.ഒ.മാർക്കും

സർ,

വിഷയം :വനിതാ ശിശുവികസന വകുപ്പ് - PMMVY CAS അപേക്ഷ സമർപ്പണ തീയതി നീട്ടിയത് - സംബന്ധിച്ച്.

സൂചന :16/4/18 ലെ SJD-B1/106/2018 നമ്പർ സർക്കാർ കത്ത്.

1..1..2017 മുതൽ സംസ്ഥാനത്തിലെ ഗർഭിണികളായ സ്ത്രീകൾക്ക് PMMVY പദ്ധതി പ്രകാരം മാനദണ്ഡങ്ങൾക്കനുസരിച്ച് 5000/- രൂപ ധനസഹായമായി ലഭിക്കുന്ന പദ്ധതി സംസ്ഥാനത്തെ 33115 അങ്കണവാടികൾ വഴി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഗർഭിണി ആയശേഷം 730 ദിവസത്തിനുള്ളിൽ ധനസഹായ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം അങ്കണവാടി കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയെപ്പറ്റിയുള്ള വേണ്ടത്ര അറിവ് ലഭിക്കാത്തതിനാൽ പല ഗർഭിണികളും അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നറിയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1..4..2016 മുതൽ 30..9..2016 വരെ ഗർഭിണികളായ ഇനിയും അപേക്ഷ സമർപ്പിക്കാത്ത സ്ത്രീകൾക്ക് 6 മാസം കൂടി തീയതി നീട്ടി നൽകി മേൽ പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുന്നു.

1) 1..4..2016 മുതൽ 30..9..2016 വരെ കാലയളവിലെ ഗർഭിണികളായ സ്ത്രീകൾ ഇനിയും അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ ഈ വിവരം അങ്കണവാടി കേന്ദ്രങ്ങൾ മുഖേന അറിവ് നൽകി അപേക്ഷകൾ കഴിവതും വേഗം സമർപ്പിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുക.

2) അങ്കണവാടി കേന്ദ്രങ്ങളുടെ വിവരങ്ങൾ PMMVY CAS -ൽ ലഭ്യമല്ലാതിരിക്കുക. അല്ലെങ്കിൽ അങ്കണവാടി കേന്ദ്രങ്ങളുടെ വിവരങ്ങളിൽ പൊരുത്തക്കേടുകൾ (വില്ലേജ് / ബ്ലോക്ക് മാറി രേഖപ്പെടുത്തിയിരിക്കുക) എന്നീ കാരണങ്ങൾ കൊണ്ട് അപേക്ഷകൾ PMMVY CAS -ൽ രേഖപ്പെടുത്താതെ ആഫീസിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ലഭ്യമായ അങ്കണവാടി കേന്ദ്രത്തിലൂടെ PMMVY CAS -ൽ രേഖപ്പെടുത്തി അംഗീകരിച്ച് നൽകുവാൻ CDPO മാരെ ചുമതലപ്പെടുത്തുന്നു. ഏതെങ്കിലും കാരണത്താൽ ഗുണഭോക്താവിന് മാപ്പിംഗ് പൂർത്തിയാകാത്ത കാരണത്താൽ ആനുകൂല്യം നഷ്ടപ്പെടാനിടയായാൽ അത് ബന്ധപ്പെട്ട CDPO യുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. SNO ലോഗിനിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ അങ്കണവാടികളുടേയും മാപ്പിങ്ങ് പൂർത്തിയായിട്ടുണ്ട്.

3) ഗുണഭോക്താവിന്റെ ആധാർ കാർഡ് ബാങ്കുമായി സീഡിംഗ് പൂർത്തിയാകാത്തതുമായി പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആനുകൂല്യം ലഭ്യമാക്കണമെന്ന് ഗുണഭോക്താക്കൾ ആവശ്യപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് ആധാർ സീഡിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ ഗുണഭോക്താക്കളോട് ആവശ്യപ്പെടാവുന്നതാണ്. സീഡിംഗ് ഉറപ്പാക്കിയില്ലെങ്കിൽ ആധാർ അവസാനം സീഡിംഗ് പൂർത്തിയാക്കിയ അക്കൗണ്ടിലേക്ക് ധനസഹായം ലഭിക്കുന്നതാണ് എന്ന വിവരം അറിയിക്കേണ്ടതാണ്. ഇത്തരം സംശയങ്ങളുമായി വരുന്നവർക്ക് PFMS - Know your payment -ൽ നിന്നും വിവരങ്ങൾ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**